"ഭരണഭാഷാ മാതൃഭാഷാ"

ഫോൺ:0494-2686214
ഫാക്സ്:0494-2686009
ഇ–മെയിൽ: farm.kcaet@kau.in

# കേരള കാർഷിക സർവ്വകലാശാല

## ഇൻസ്ട്രക്ഷണൽ ഫാം

കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി
തവനൂർ 679 573

നമ്പർ : ഐ.എഫ്/507/2021 തിയ്യതി : 23.10.2021

**<u>ക്വട്ടേഷൻ/ ലേല പരസ്യം</u>**

ഈ സ്ഥാപനത്തിനോടനുബന്ധിച്ചുള്ള ഫാമിലെ നെല്ലിക്ക, പുളി, കുരുമുളക്, നാളികേരം പട്ടികയിൽ പരമാർശിച്ച് പ്രകാരം വിളവെടുപ്പിനുള്ള ക്വട്ടേഷനുകൾ താഴെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ച് കൊള്ളുന്നു. ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ ലേലവും നടത്തുന്നതായിരിക്കും.

| ഇനം | മരങ്ങളുടെ എണ്ണം | കാലാവധി |
|---|---|---|
| നെല്ലിക്ക | 13 | 31/03/2022 വരെ |
| പുളി | 9 | 31/03/2022 വരെ |
| കുരുമുളക് | 17 | 31/03/2022 വരെ |
| വിളവെടുത്ത് ഫാമിൽ കൂട്ടിയിട്ട നാളികേരം | | |
| 1. നാളികേരം | 2937 | |
| 2. കേട്/ചെറിയ തേങ്ങ | 2344 | |

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതി | **29.10.2021** രാവിലെ **2:30** മണി വരെ |
| ലേലം വിളിക്കുന്ന സമയം | **29.10.2021** ന് രാവിലെ **3:00** മണിക്ക് |
| ക്വട്ടേഷൻ തുറക്കുന്ന സമയം | **29.10.2021** ന് ലേലത്തിന് ശേഷം |

<u>ക്വട്ടേഷൻ / ലേല വ്യവസ്ഥകൾ</u>

1. ക്വട്ടേഷൻ നിരക്ക് അക്കത്തിലും അക്ഷരത്തിലും എഴുതി പ്രൊഫസർ ആന്റ് ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ എന്ന വിലാസമെഴുതിയ മുദ്ര വെച്ച കവറിൽ നൽകേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
2. ക്വട്ടേഷൻ തരുന്നവരും /ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത് / ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പായി നിരത ദ്രവ്യമായി ഈ ഓഫീസിൽ താഴെപറയുന്ന വിധം കെട്ടിവെക്കേണ്ടതാണ്. അല്ലാത്തവരുടെ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല./ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
3. ക്വട്ടേഷനിലോ/ലേലത്തിലോ ഏതിലാണ് കൂടുതൽ വില ലഭ്യമാകുന്നതെന്ന് കണക്കിലെടുത്ത് സ്ഥാപന മേലധികാരിക്കു യുക്തമെന്നു തോന്നുന്ന പക്ഷം മാത്രം ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.
4. ക്വട്ടേഷൻ /ലേലം ഉറപ്പിക്കാത്തവരുടെ നിരത ദ്രവ്യം അന്നുതന്നെ തിരിച്ച് നൽകുന്നതായിരിക്കും.
5. ക്വട്ടേഷൻ/ലേലം വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരത ദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടാക്കുന്നതാണ്.
6. ക്വട്ടേഷൻ/ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ പ്രസ്തുത വ്യക്തി ക്വട്ടേഷൻ/ ലേലം തുകയുടെ **5% സെക്യൂരിറ്റി തുക**യായി ലേല ദിവസം തന്നെ അടക്കേണ്ടതും,

മൊത്തം ക്വട്ടേഷൻ/ലേലം തുകയുടെ **മൂന്നിൽ ഒരു ഭാഗം** ഉടൻ കെട്ടിവയ്ക്കേണ്ടതും ബാക്കി തുക **ഒരാഴ്ചയ്ക്കകം** അടക്കേണ്ടതുമാണ്. നിശ്ചിത തിയ്യതിക്കകം തുക അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ക്വട്ടേഷൻ/ലേലം പിടിച്ച ആളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദു ചെയ്യുന്നതും അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.

7. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ/ലേലം തിയ്യതി മാറ്റി വെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.
8. പ്രവൃത്തി ദിവസങ്ങളിൽ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ. വിളവെടുത്തവ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് (രാവിലെ 10.00 മണി മുതൽ 4 മണി വരെ) ഫാമിൽ നിലവിലുള്ള നിയമമനുസരിച്ച് മാത്രമേ ഫാമിൽ നിന്ന് പുറത്ത് കൊണ്ടുപോകാൻ പാടുള്ളൂ. ഉൽപന്നങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്.
9. ഈ ക്വട്ടേഷൻ/ലേലം അനുസരിച്ച് വിളവെടുപ്പിനുള്ള അവകാശം ഉറപ്പിച്ച തിയ്യതി മുതൽ പട്ടികയിൽ രേഖപ്പെടുത്തിയവണ്ണം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
10. വിളവെടുപ്പ് സമയത്തോ, സാധനങ്ങൾ കൊണ്ടു പോകുന്ന സമയത്തോ ഫാമിലെ കാർഷിക വിളകൾക്കോ മറ്റു വസ്തുക്കൾക്കോ നാശനഷ്ടമുണ്ടായാൽ ആയതിന്റെ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
11. യാതൊരു കാരണവും കാണിക്കാതെ ഈ ക്വട്ടേഷൻ/ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ പിൻവലിക്കുന്നതിനോ ഉള്ള അധികാരം ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട എല്ലാ തീരുമാനവും എടുക്കാനുള്ള അധികാരം ഈ സ്ഥാപനത്തിന്റെ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
12. സർക്കാർ ക്വട്ടേഷന്റെ/ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
13. ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. അല്ലാത്തവ നിരസിക്കുന്നതാണ്.

ഒപ്പ്/-
പ്രൊഫസർ ആന്റ് ഹെഡ്

സ്വീകർത്താക്കൾ

പ്രൊഫസർ ആന്റ് ഹെഡ്/ ഫാം സൂപ്രണ്ട്

പകർപ്പ്:

KAU Website/KCAET Website/KVK/ Engineering Division/ Canteen (നോട്ടീസ് ബോർഡ്)/ വില്ലേജ് ഓഫീസ്, തവനൂർ (നോട്ടീസ് ബോർഡ്)/നോട്ടീസ് ബോർഡ് (ഓഫീസ്/മെയിൻ ഗേറ്റ്/ കാഷ് സെക്ഷൻ/ കരുതൽ ശേഖരം/ഇൻസ്ട്രക്ഷണൽ ഫാം